# INDIAN SCHOOL AL WADI AL KABIR

| CLASS: IX | DEPARTMENT: MALAYALAM | DATE : 06/05/2021 |
|---|---|---|
| Class Note | Lesson: Grammar | Topic: ഭാഷാസന്ധി |

## ഭാഷാസന്ധി

അക്ഷരങ്ങൾ അല്ലെങ്കിൽ വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ ഉണ്ടാകുന്ന മാറ്റത്തിനാണ് വ്യാകരണത്തിൽ സന്ധി എന്നു പറയുന്നത്. ഭാഷാസന്ധികളെ നാലായി തിരിക്കാം.

### ***1. ലോപസന്ധി :***

രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ അതിൽ ഒരു വർണ്ണം കുറഞ്ഞു പോകുന്നത് ലോപസന്ധി.

ഉദാഹരണം: കണ്ടെന്ന്= കണ്ടു+എന്ന്/ അല്ലെങ്കിൽ= അല്ല+എങ്കിൽ/ വീടെവിടെ = വീട്+ എവിടെ

### ***2. ആഗമസന്ധി :***

രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ ഒരു വർണ്ണം കൂടുതലായി വരുന്നത് ആഗമസന്ധി.

ഉദാഹരണം: മഴയുണ്ട്= മഴ+ഉണ്ട്/ തിരുവോണം= തിരു+ഓണം/ ഇവിടം= ഇ+ഇടം

### ***3. ദ്വിത്വസന്ധി :***

രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ അതിൽ ഒരു വർണ്ണം ഇരട്ടിക്കുന്നതാണ് ദ്വിത്വസന്ധി.

ഉദാഹരണം: പടിക്കെട്ട്=പടി+കെട്ട്/ അക്കാര്യം= അ+കാര്യം/ആറ്റുതീരം=ആറ്+ തീരം

### ***4. ആദേശസന്ധി :***

രണ്ടു വർണ്ണങ്ങൾ തമ്മിൽ ചേരുമ്പോൾ അതിൽ ഒരു വർണ്ണം പോയി ആ സ്ഥാനത്ത് മറ്റൊരു വർണ്ണം വന്നു ചേരുന്നത് ആദേശസന്ധി

ഉദാഹരണം: എണ്ണൂറ്= എൺ+ നൂറ്/ മരങ്ങൾ= മരം+കൾ/ അവരെല്ലാം= അവർ+എല്ലാം

***